5. എല്ലാ ഓഫീസുകളിലും കേരള ഫിനാൻഷ്യൽ കോഡ് 1-ാം വാല്യത്തിൽ ആർട്ടിക്കൾ 63-ൽ നിഷ്കർഷിക്കുംപ്രകാരം ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(ബി) എല്ലാ വകുപ്പുതലവന്മാരിൽ നിന്നും ഇതിനെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ആയത് ലഭ്യമായതിനുശേഷം അതുകൂടി ഏകോപിപ്പിച്ച് മറുപടി നൽകാവുന്നതാണ്.

(സി) പോലീസ്, മൃഗസംരക്ഷണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, പഞ്ചായത്ത്, പബ്ലിക് ലൈബ്രറി, പുരാവസ്തു വകുപ്പ്, സാമൂഹിക നീതി വകുപ്പ്, ജലവിഭവ വകുപ്പ്, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ്, എക്സൈസ് ഇവ ഒഴികെയുള്ള എല്ലാ വകുപ്പുകളിലും 10-6-2005-ലെ 32/2005/ധന സർക്കുലർ പ്രകാരം ഇന്റേണൽ ആഡിറ്റ് വിഭാഗം രൂപീകരിക്കുകയും ആഡിറ്റ് റിപ്പോർട്ടുകൾ ധനകാര്യ (ഐ.എ.സി.) വകുപ്പിലേക്ക് അയച്ചുതരികയും ചെയ്യുന്നുണ്ട്. ഇന്റേണൽ ആഡിറ്റ് വിഭാഗം രൂപീകരിച്ചിട്ടില്ലാത്ത വകുപ്പുകളുടെ തലവന്മാർക്ക് അർദ്ധ ഔദ്യോഗിക കത്ത് വഴി ഇന്റേണൽ ഓഡിറ്റ് വിഭാഗം രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്റേണൽ ആഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ധനകാര്യ വിഭാഗത്തിൽ പുനർവിന്യാസം വഴി ഒരു സെക്ഷൻ കൂടി (ഇന്റേണൽ ആഡിറ്റ് സെൽ) രൂപീകരിച്ചിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധി

138 (2376) ശ്രീ. എം. എ. ബേബി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളുടെ മേൽ നികുതിഭാരമേൽപ്പിക്കാത്തവിധം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചമാക്കുന്നതിന് വേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നിലവിലുള്ള നികുതികൾ കൃത്യമായി പിരിച്ചെടുക്കുന്നതുൾപ്പെടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ വിവിധ മേഖലകളിലുള്ളവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും തയ്യാറാകാത്തത് പ്രതിസന്ധി കൂടുതൽ മൂർച്ഛിക്കുന്നതിനു കാരണമാകുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാധാരണ ജനങ്ങൾക്കുമേൽ അധിക ഭാരമുണ്ടാകാത്ത തരത്തിലാണ് പുതിയ നികുതി നിർദ്ദേശം വിഭാവനം ചെയ്തിട്ടുള്ളത്. അതിനാൽ ഇത്തരം ആക്ഷേപങ്ങൾക്ക് അടിസ്ഥാനമില്ല.

(ബി) നിലവിലുള്ള സാമ്പത്തിക ഞെരുക്കം കുറയ്ക്കുന്നതിനായി സർക്കാർ വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 19-9-2014-ലെ സ.ഉ (പി) നമ്പർ 399/2014/ധന ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിച്ചു. 10-11-2014-ലെ സ.ഉ (പി) നമ്പർ 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു 19-9-2014-ലെ സ.ഉ. (പി) നമ്പർ 409/2014/ധന പ്രകാരം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽ നിന്ന് സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) ഇല്ല.

മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം.

139 (2377) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച് ധനകാര്യ വകുപ്പിൽ നിന്നും ഭരണാനുമതി ലഭ്യമായ തെക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം പ്രാവർത്തികമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ ;

(ബി) ഈ പ്രവൃത്തി പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിന് ഡെപ്പോസിറ്റ് വർക്കായാണ് ലഭിച്ചിട്ടുള്ളത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;